# പെപ്സിയുടെ വാഗ്ദാന ലംഘനങ്ങൾ

**കവാൽജിത് സിംഹ്**

1980കൾക്കുശേഷം രാജ്യത്ത് പെപ്സി കമ്പനിയെപ്പോലെ വിവാദങ്ങളും ഒച്ചപ്പാടുകളും സൃഷ്ടിച്ചിട്ടുള്ള മറ്റൊരു കമ്പനിയുണ്ടാകുമെന്ന് തോന്നുന്നില്ല. പെപ്സി ഫുഡ്സ് ലിമിറ്റഡ് എന്ന വിവാദ കമ്പനിക്ക് 1988-ലാണ് ഇന്ത്യാ സർക്കാർ പ്രവർത്തനാനുമതി കൊടുത്തത്. പെപ്സി കമ്പനി, പഞ്ചാബ് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പഞ്ചാബ് ആഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ, വോൾട്ടാസ് ഇന്ത്യ ലിമിറ്റഡ് തുടങ്ങിയവരടങ്ങിയ ഒരു കൂട്ടുകമ്പനിയായിരുന്നു ഇത്. ഈ സംരംഭത്തിന് അനുമതി ലഭിക്കുന്നതിനുമുമ്പ് 1985ൽ ആർ.പി.ഗോയങ്ക ഗ്രൂപ്പിന്റെ ആഗ്രോ പ്രൊഡക്ടസ് എക്സ്പോർട്ട്സ് ലിമിറ്റഡ് എന്ന കമ്പനിയുമായി യോജിച്ചുകൊണ്ട് ഇന്ത്യയിൽ പ്രവേശിക്കുന്നതിന് പെപ്സി കമ്പനി ഒരു ശ്രമം നടത്തിനോക്കിയതാണ്. കോള കോൺസെൻട്രെയ്റ്റ് ഇറക്കുമതിചെയ്ത് പെപ്സി ബ്രാന്റിൽ ഇന്ത്യയിൽ വിപണനം ചെയ്യാനും പകരം പഞ്ചാബിൽനിന്നും ജ്യൂസുകൾ കയറ്റുമതി ചെയ്യാനുമുള്ള അനുമതിക്കായിട്ടാണ് പെപ്സി അന്ന് ശ്രമിച്ചത്. നിലവിലുള്ള നിയമങ്ങളെ മറികടക്കുമെന്നതുകൊണ്ട് കേന്ദ്രസർക്കാർ ഇതിന് അനുമതി കൊടുത്തില്ല.

അക്കാലത്ത് പഞ്ചാബിൽ നിലനിന്നിരുന്ന പ്രത്യേക രാഷ്ട്രീയ അവസ്ഥ മുതലെടുത്തുകൊണ്ട് 1986-ൽ വീണ്ടും പെപ്സി നിർദേശം മുന്നോട്ടുവച്ചു. പഞ്ചാബിലെ കൃഷിയുടെ വൈവിധ്യവൽക്കരണത്തെപ്പറ്റിയും പുത്തൻ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനെപ്പറ്റിയുമാണ് ഈ നിർദേശങ്ങളിൽ മുഖ്യമായും ഉണ്ടായിരുന്നത്. പെപ്സിയുടെ മുഖ്യ താത്പര്യമായ ലഘുപാനീയ കച്ചവടത്തെപ്പറ്റി ഇതിൽ കാര്യമായൊന്നും പരാമർശിച്ചിരുന്നില്ല. ഈ സംരംഭം പഞ്ചാബിനെ സംബന്ധിച്ചിടത്തോളം ഒരു രണ്ടാം ഹരിതവിപ്ലവമാണെന്നാണ് വിശേഷിപ്പിച്ചിരുന്നത്. ഈ സംരംഭം ഹോർട്ടികൾച്ചറൽ വിപ്ലവത്തിന്റെ മുന്നോടിയാണെന്നും പഞ്ചാബിലെ ഗ്രാമീണ മേഖലയുടെ സ്തംഭനാവസ്ഥയ്ക്ക് പരിഹാരമാവുമെന്നും തന്മൂലം ചെറുകിട - ഇടത്തരം കൃഷിക്കാർക്ക് വളരെ സഹായകരമാവുമെന്നും പ്രചരിപ്പിക്കപ്പെട്ടു. ഈ വ്യവസായസംരംഭം വളരെയേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ തൊഴിലില്ലാത്ത ചെറുപ്പക്കാർ കൂട്ടത്തോടെ തീവ്രവാദത്തിലേക്കു വഴിതെറ്റി പോകുന്നത് തടഞ്ഞുകൊണ്ട് പഞ്ചാബിൽ സമാധാനം പുനഃസ്ഥാപിക്കാമെന്നും വ്യാമോഹിപ്പിച്ചിരുന്നു. ഇത്തരം അവകാശവാദങ്ങൾ പഞ്ചാബിലെയും ഡൽഹിയിലെയും രാഷ്ട്രീയ കേന്ദ്രങ്ങൾക്ക് നന്നെ ഇഷ്ടപ്പെട്ടു. അങ്ങനെയാണ് പെപ്സിക്ക് ഇന്ത്യയിലേക്ക് പ്രവേശനം ലഭിച്ചത്.

ഇന്ത്യയിൽ പ്രവേശിക്കുന്നതിനുള്ള അടിസ്ഥാനമായ ചില കാര്യങ്ങൾ ചെയ്യാമെന് ഉറപ്പുകൾ പെപ്സി ഇന്ത്യാ സർക്കാരിന് കൊടുത്തിരുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇന്തിയിലൊട്ടാകെ 50,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന കാര്യമായിരുന്നു. മൊത്തം മുതൽമുടക്കിന്റെ നാലിൽ മൂന്ന് ഭാഗം ഭക്ഷ്യ - കാർഷിക സംസ്കരണത്തിനും ബാക്കി ഒരു ഭാഗം ലഘുപാനീയങ്ങൾക്കും എന്നാണ് പറഞ്ഞുറപ്പിച്ചിരുന്നത്. ഭക്ഷ്യസംസ്കരണമേഖലയിൽ ആധുനിക സാങ്കേതികവിദ്യകൾ കൊണ്ടുവരാമെന്നും ഇന്ത്യൻ ഉത്പന്നങ്ങൾ വിദേശങ്ങളിൽ വിപണനം ചെയ്യാമെന്നുമുള്ള ഉറപ്പും പെപ്സി നല്കിയിരുന്നു.

പെപ്സിയുടെ വാഗ്ദാനം ചെയ്തിരുന്ന മറ്റൊരു കാര്യം മൊത്തം ഉത്പാദനത്തിന്റെ 50% കയറ്റുമതി ചെയ്യുമെന്നായിരുന്നു. ഒരു കാർഷിക ഗവേഷണകേന്ദ്രം തുടങ്ങാമെന്നും പറഞ്ഞിരുന്നു. ആഭ്യന്തര വിപണിയിൽ തങ്ങളുടെ വിഖ്യാത ബ്രാൻഡ് നാമങ്ങൾ ഉപയോഗിക്കില്ല എന്നും സൂചിപ്പിച്ചിരുന്നു. ഘനഗംഭീര ഭാഷയിൽ പെപ്സി പറഞ്ഞുവെച്ച ഒരു കാര്യം പഞ്ചാബിലെ മൊത്തം പഴങ്ങളുടേയും പച്ചക്കറികളുടേയും 25% ഈ സംരംഭത്തിലൂടെ സംസ്കരിക്കുമെന്നാണ്. സർക്കാരിന്റെ റെവന്യു വരുമാനം വലിയൊരു കുതിച്ചുചാട്ടം വരുത്തുമെന്നും അവർ പ്രതിജ്ഞ ചെയ്തിരുന്നു.

പെപ്സിയുടെ പ്രവർത്തനങ്ങളെപ്പറ്റി നടത്തിയിട്ടുള്ള പഠനങ്ങളിൽനിന്നും വെളിവാക്കപ്പെട്ട ഒരു പ്രധാന വസ്തുത തുടക്കം മുതൽ തന്നെ പെപ്സി വാഗ്ദാനങ്ങൾ പാലിക്കുക എന്ന കാര്യത്തിൽ യാതൊരുവിധ ശുഷ്കാന്തിയുമില്ലെന്നാണ്. പെപ്സിയുടെ ഏക താത്പര്യം അവരുടെ ലഘുപാനീയങ്ങൾ നമ്മുടെ ആഭ്യന്തര വിപണിയിൽ വിൽക്കുക മാത്രമാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിലാണെങ്കിൽ വാഗ്ദാനം ചെയ്യപ്പെട്ടതിന്റെ അടുത്തൊന്നും യഥാർത്ഥ സ്ഥിതിവിവരകണക്കുകൾ എത്തുന്നില്ല. 1992ൽ പെപ്സിയുടെ തന്നെ കണക്കുപ്രകാരം 909 ആളുകൾക്കാണ് പുതുതായി തൊഴിൽ കൊടുത്തത്. 1996 ആകുന്നതോടെ ഇത് 2400 ആയിട്ടുണ്ട്. വാഗ്ദാനം ചെയ്യപ്പെട്ടതിന്റെ എത്രയോ ചെറിയ ശതമാനമാണിത്. ഭാരതത്തിലൊട്ടാകെ 26000 പേർക്ക് നേരിട്ടല്ലാതെ തൊഴിൽ കൊടുത്തിട്ടുണ്ടെന്നാണ് പെപ്സി അവകാശപ്പെടുന്നത്. നേരിട്ടല്ലാതെയുള്ള തൊഴിൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതിൽ നമ്മുടെ നാട്ടിലെ മുറുക്കാൻകടക്കാരും സർവ്വത്തുകടക്കാരും ഉൾപ്പെടുന്നുണ്ട്!

പഴങ്ങളും പച്ചക്കറികളും സംസ്കരിക്കുന്നതിനായി പഞ്ചാബിലെ ഹോഷിയാർപൂർ ജില്ലയിൽ ജഹുറ ഗ്രാമത്തിൽ പെപ്സി ഒരു പെയ്സ്റ്റ് പ്ലാന്റ് നിർമിച്ചിരുന്നു. അന്നാട്ടിൽ ലഭ്യമായ നാടൻ ഇനം തക്കാളിയൊന്നും പെപ്സിക്ക് കണ്ണിൽ പിടിച്ചില്ല. അതുകൊണ്ട് തക്കാളിയുടെ ജേംപ്ലാസം ഇറക്കുമതി ചെയ്യുകയും വൻകിട കൃഷിക്കാരുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് 1600 ഹെക്ടറിൽ വളർത്തുകയുണ്ടായി. 1989ൽ പെപ്സി കമ്പനി ജഹുറാ പ്ലാന്റിന്റെ ആവശ്യത്തിലേക്കായി ഹൈബ്രിഡ് തക്കാളി കൃഷി ചെയ്യുന്നതിനുവേണ്ടി പഞ്ചാബിലെ കൃഷിക്കാരുമായി കരാറിൽ ഏർപ്പെട്ടു. ഈ കരാറിനെ വിശ്വസിച്ച് കൃഷിക്കാർ തക്കാളി കൃഷിചെയ്തു. പക്ഷേ, വിളവെടുപ്പ് സമയം വന്നുചേർന്നിട്ടും ജഹുറ പ്ലാന്റ് പ്രവർത്തനം തുടങ്ങാത്തതുകൊണ്ട് കൃഷിക്കാർക്ക് വൻ നഷ്ടം സംഭവിച്ചു. രണ്ടര ദശലക്ഷം രൂപ നഷ്ടം വന്നുവെന്നാണ് കണക്ക്. നഷ്ടപരിഹാരത്തിനായി അനേകം വർഷം കൃഷിക്കാർക്ക് കാത്തിരിക്കേണ്ടിവരുകയും ചെയ്തു. വാഗ്ദാനം ചെയ്തിരുന്ന കാർഷിക ഗവേഷണ കേന്ദ്രം തുടങ്ങിയില്ല. ഇന്ത്യൻ കാർഷിക ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യാമെന്ന വാഗ്ദാനം വെറും തട്ടിപ്പായിരുന്നു. പെപ്സിയുടെ കയറ്റുമതി ലിസ്റ്റിലേക്ക് ഒന്നു കണ്ണോടിച്ചാൽ ഇക്കാര്യം വ്യക്തമാവും. വളരെ ചെറിയ തുകയ്ക്കുള്ള പഴം പച്ചക്കറി ഉത്പന്നങ്ങളാണ് കയറ്റുമതി ചെയ്തിട്ടുള്ളത്. കയറ്റുമതി വാഗ്ദാനം പാലിച്ചുവെന്ന് വരുത്തിതീർക്കുന്നതിനായി ബസുമതി അരി, ഡാർജിലിംഗ് തേയില, ചെമ്മീൻ, ഷാംപെയിൻ, തുകൽ ഉത്പന്നങ്ങൾ തുടങ്ങിയവയൊക്കെയാണ് കയറ്റുമതിചെയ്തിട്ടുള്ളത്.




ഇന്ന് പെപ്സി കമ്പനി ഇന്ത്യൻ കൂട്ടാളികളുമായി കൂട്ടുചേർന്നുള്ള ഒരു സംരംഭമല്ല. ഉദാരവത്കരണ നയങ്ങളുടെ മറവിൽ പെപ്സി കമ്പനി മുഴുവൻ നിയന്ത്രണങ്ങളും കൈയ്ക്കലാക്കിയിരിക്കുകയാണ്. വാഗ്ദാനങ്ങൾ നിറവേറ്റുന്നതിൽ വീഴ്ചവരുത്തിയ പെപ്സിയ്ക്കെതിരേ കടുത്ത നടപടികളെടുക്കുന്നതിനു പകരം കൂടുതൽ കൂടുതൽ ഇളവുകളും ആനുകൂല്യങ്ങളും വാരിക്കോരി കൊടുക്കുകയാണ് ഇന്ത്യ സർക്കാർ ചെയ്യുന്നത്. ലഘുപാനീയങ്ങളുടെ വിറ്റുവരവ് 25%ത്തിനു മേൽ വർധിപ്പിക്കുന്നതിന് സർക്കാർ അനുമതി കൊടുത്തു. 50% കയറ്റുമതിയെന്ന നിയന്ത്രണം എടുത്തുമാറ്റി. വളരെ മോശമായ ധനപരമായ പ്രകടനമാണ് പെപ്സി നടത്തുന്നതെന്നാണ് കടലാസുകളിൽ കാണുന്നതെങ്കിലും ലഘുപാനീയ വിപണിയുടെ മുഖ്യ പങ്ക് പെപ്സിയുടെ കൈപിടിയിലാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള ബോട്ടിലിംഗ് യൂണിറ്റുകൾ പെപ്സി വാങ്ങിച്ചിട്ടുണ്ട്. ഇന്ത്യയുടെ പടിഞ്ഞാറൻ ഭാഗങ്ങളിലെ പ്രമുഖ ലഘുപാനീയ ബ്രാന്റായ ഡ്യൂക്കസ് പെപ്സി വാങ്ങിച്ചിട്ടുണ്ട്. ഇന്ത്യൻ ലഘുപാനീയ വിപണിയുടെ 40% പെപ്സിയുടെ നിയന്ത്രണത്തിലാണ് (തേഡ് വേൾഡ് നെറ്റ് വർക്ക് ഫിച്ചേഴ്സിനോട് കടപ്പാട്).